**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** 　　　　**13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ.കെ.ടി.ജലീൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർമ്മാണത്തിലിരിക്കുന്ന 2400-ൽ പരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നിർദ്ദിഷ്ട നിലവാരത്തിൽ പൂർത്തിയാകുന്നുവെന്നുറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലെ നിർമ്മാ പ്രവർത്തനങ്ങൾ സമയബന്ധിതമാ പൂർത്തിയാക്കാൻ വിവിധ പദ്ധതിക ആവിഷ്കരിച്ചിട്ടുണ്ട്. രണ്ട് ആഴ്ചയിൽ ഒരിക്ക ചേരുന്ന മിഷൻ ടീം മീറ്റിംഗും ജില്ലാതലങ്ങളി DICC യോഗങ്ങളും പ്രവൃത്തി പുരോഗ വിലയിരുത്തുന്നുണ്ട്. നിയോജകമണ്ഡ അടിസ്ഥാനത്തിലെ Constituenc Monitoring Team ഉം പ്രവൃത്ത വിലയിരുത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പി പ്രവൃത്തികൾ എല്ലാം തന്നെ ഓരോ ഘട്ടത്തില ഗുണ നിലവാരം ഉറപ്പുവരുത്തി അംഗീകൃ മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരു കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്ക വരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് തലത്തിലുള്ള ഗുണമേന്മ പരിശോധനക കർശനമാക്കിയിട്ടുണ്ട്. 15 ലക്ഷം രൂപ മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 1st tie ഗുണനിലവാര പരിശോധനക നിർബന്ധമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ബി നൽകുകയും ചെയ്യുന്നു. 2 കോടി രൂപ മുകളിലുള്ള പ്രവൃത്തികൾക്ക് കരാറുകാര സ്വന്തം ചെലവിൽ ക്വാളിറ്റി ലാ സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബി ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട ഘട്ട ഗുണനിലവാര പരിശോധനയ്ക്കായി ക്വാളി കൺട്രോൾ ഓഫീസർമാർ സൈറ്റി ആവശ്യമായ പരിശോധന നടത്തുകയു മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരി ലാബുകളിൽ വിവിധ പരിശോധനകൾ നടത്ത |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുകയും, അതനുസരി ആവശ്യമായ ഭേദഗതികൾ വരുത്തുകയു ചെയ്തുവരുന്നു. പ്രവൃത്തികളുടെ ഗുണമേ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റ കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.<br><br>5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക ആധുനിക മെഷീനറികളും ദീർഘകാ മുൻപരിചയവുമുള്ള നിശ്ചിത യോഗ്യതയുള കരാറുകാരിൽ നിന്നും പ്രീ-ക്വാളിഫിക്കേഷ ടെണ്ടറുകൾ ക്ഷണിച്ചാണ് പ്രവൃത്തിക നടപ്പിലാക്കുന്നത്. പ്രവൃത്തിക സമയബന്ധിതമായി പൂർത്തിയാകുന്നു എന ഉറപ്പ് വരുത്തുന്നതിനായി പൊതുമരാമത വകുപ്പിൽ പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റത്തി തുടക്കം കുറിച്ചിട്ടുണ്ട്. ഇതിലൂടെ പ്രവൃത്തികളു പുരോഗതി വിലയിരുത്തുന്നതി സാധിക്കുന്നതാണ്. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികളിൽ ജനകീയ നിരീക്ഷണം യാഥാർത്ഥ്യമാക്കുന്നതിനായി തൊട്ടറിയാം പി.ഡബ്ല്യൂഡി. എന്ന പേരിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് സമ്പ്രദായത്തിന്റെ പ്രയോജനങ്ങൾ അറിയിക്കാമോ; | (ബി) | **സംസ്ഥാനത്ത് തൊട്ടറിയാം പി.ഡബ്ല്യൂ.ഡ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധ നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള വിവി തലത്തിലുള്ള പദ്ധതി പുരോഗ അവലോകനത്തിനും മാനേജ്മെന്റിന പൊതുജനങ്ങൾക്ക് പദ്ധതി പുരോഗ സാങ്കേതിക വിദ്യയുടെ സഹായത്തോട വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും, കൂടാ പദ്ധതി നടത്തിപ്പിൽ വിവിധ സർക്കാ വകുപ്പുകളുടെയും വിംഗുകളുടെയും ഏകോപനവു സഹകരണവും ഉറപ്പാക്കി അതുവഴി പദ്ധ നടത്തിപ്പിലെ പ്രശ്നങ്ങൾ കൂടുതൽ വേഗത്തി പരിഹരിച്ച് കാലതാമസമില്ലാതെ പദ്ധ പൂർത്തീ- കരിക്കുന്നതിനും വേണ്ടിയുള്ള ഒ ഓൺലൈൻ പ്രോജക്റ്റ് മാനേജ്മെന്റ് സോഫ് വെയറാണ് പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം.**<br><br>**ഇതു വികസിപ്പിക്കുന്നത് നാഷണ ഇൻഫർമാറ്റിക്സ് സെന്റർ ആണ്. ഈ പ്രോജ മാനേജ്മെന്റ് സോഫ്റ്റ് വെയറിന്റെ പ്രധാ സവിശേഷതകൾ താഴെപ്പറയുന്നവയാണ്.**<br><br>**1. ഓരോ പദ്ധതികളുടെയും നാഴികക്കല്ലുകൾ, പദ്ധതി പൂർത്തികരണ സമയം എന്നിവ അധിഷ്ഠിതമായ പുരോഗതി അവലോകനവും പ്രോജക്റ്റ് മാനേജ്മെന്റും .** |

| | | | |
|---|---|---|---|
| | | | **2. വളരെ എളുപ്പം മനസ്സിലാകുന്നതും ഉപയോഗിക്കാവുന്നതും ആയ രീതിയിലുള്ള രൂപകൽപ്പന.**<br><br>**3.പദ്ധതികളുടെ ഭൗതികമായ പൂർത്തീകര വിവരങ്ങളും, ധനവിനിയോഗ വിവരങ്ങ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങ അപ്പപ്പോഴുള്ള നിജസ്ഥിതി വിവരങ്ങ പ്രൈസ്-3 സോഫ്റ്റ്.വെയറിൽ നിന്ന ഓൺലൈൻ ആയി കിട്ടുന്നു.**<br><br>**4.പദ്ധതി നടത്തിപ്പിലെ വിവിധ പങ്കാളികൾ (Stakeholders) പദ്ധതികളുടെ നിജസ്ഥി വിവരങ്ങൾ അറിയുന്നതിനും ഇടപെടുന്നതിന ഉള്ള സൗകര്യം.**<br><br>**5.ഉദ്യോഗസ്ഥതലത്തിലുള്ള അവലോകനങ്ങ നിർദ്ദേശങ്ങൾക്കും ഉള്ള സൗകര്യം.**<br><br>**6.പൊതുജനങ്ങൾക്ക് പദ്ധതി വിവരങ്ങ അറിയുന്നതിനുള്ള സൗകര്യം.**<br><br>**7.കരാറുകാർക്ക് പദ്ധതി നിർവ്വഹണവുമാ ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നതിന പരിഹാര നിർദ്ദേശങ്ങൾ അറിയുന്നതിനുമുള സൗകര്യം.**<br><br>**8.പദ്ധതികളുടെ വിവിധ രേഖകളും പുരോഗതി ചിത്രങ്ങളും, വീഡിയോകളും അപ് ലോഡ് ചെയ്യുന്നതിനും അവ കാണുന്നതിനുമുള്ള സൗകര്യം.**<br><br>**9.മീറ്റിംഗുകൾ നടത്താനും മീറ്റിംഗുകളുടെ നടപടികുറിപ്പ് തയ്യാറാക്കാനും, പ്രസ്തുത സോഫ്റ്റ് വെയറിൽ ' Meeting Management Solution 'ഉണ്ട്.** |
| (സി) | ഉദ്യോഗസ്ഥരുടെ അലംഭാവം കൊണ്ട് മേൽനോട്ടത്തിൽ വീഴ്ചയുണ്ടാകുന്നുവെന്നും ആയത് പ്രവൃത്തികളിലെ ഗുണനിലവാരത്തെയും സുരക്ഷയെയും ബാധിക്കുന്നുവെന്നുമുള്ള ആരോപണം പരിശോധനാവിധേയമാക്കുമോയെന്ന് വെളിപ്പെടുത്താമോ? | (സി) | പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം തന്നെ ഉദ്യോഗസ്ഥരുടെ കർശനമായ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. എന്നാൽ ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിച്ച് മാത്രം പ്രവൃത്തികൾ നടപ്പിലാക്കുന്നത് കർശനമായി പാലിക്കപ്പെടുന്നുണ്ടെന്നത് ഉറപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്ന വേളയിൽ PWD Manual, MoRTH, IRC, SBD എന്നിവ പ്രകാരമുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും |

| | | | |
|---|---|---|---|
| | | | പാലിക്കുന്നുവെന്നതിനും വീഴ്ച വരുത്തുന്ന കരാറുകാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടികൾ എടുക്കുന്നതിനുമായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ 08.06.2022-ലെ CEPWD/12100/2020-Vig-4-AD നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മേൽ മാർഗ്ഗ നിർദ്ദേശങ്ങളും റോഡ് നിർമ്മാണ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച പ്രോട്ടോകോളും കർശനമായി നടപ്പിലാക്കുന്നതിനും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം സൈറ്റിൽ ഉറപ്പാക്കുന്നതിനും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ പ്രവൃത്തികൾ എല്ലാംതന്നെ ഗുണനിലവാരം ഉറപ്പു വരുത്തിയാണ് നടപ്പിലാക്കുന്നത്. വീഴ്ചകൾ സംഭവിച്ചാൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് കരാറുകാർക്ക് ബിൽ നൽകുന്നത്. ഇത്തരം ഉദ്യോഗസ്ഥതല വീഴ്ചകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ